ങ്ങളുടെ ഭാരവാഹികൾ എന്നിവരുമായി ആലോചിച്ച് തീരുമാനം എടുക്കുന്നതാണ്.

(ഡി) റബ്ബർബോർഡ് സ്വന്തമായിട്ട് റബ്ബറധിഷ്ഠിത വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നില്ല. എന്നാൽ റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിന് മറ്റ് ഏജൻസികൾക്ക്, മാർഗ്ഗനിർദ്ദേശങ്ങളും സാങ്കേതിക ഉപദേശങ്ങളും നൽകി സഹായിക്കുന്നുണ്ട്.

(ഇ) കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി അഡ്വാൻസ് ലൈസൻസ് വഴിയുള്ള ഇറക്കുമതി 20.2.99 മുതൽ നിറുത്തലാക്കിയിട്ടുണ്ട്.

9 (*215) ജൈവവള പ്രയോഗം പ്രോൽസാഹിപ്പിക്കുന്നതിന് നടപടി

ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ.കെ.സി. ജോസഫ് :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവും രാസവളത്തിന്റെ വില വർദ്ധനവും മൂലം കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാർഷികരംഗത്ത് ജൈവവളപ്രയോഗം പ്രോൽസാഹിപ്പിക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) ജൈവവളം പ്രോൽസാഹിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ സംയോജിത വളപ്രയോഗ പദ്ധതിയും സന്തുലിതവും സമഗ്രവുമായ വളപ്രയോഗമെന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ വിവിധ ഘടകപദ്ധതികളും ആവിഷ്കരിച്ചു നടപ്പിലാക്കിയിരിക്കുന്നു. പഞ്ചായത്തടിസ്ഥാനത്തിൽ കമ്പോസ്റ്റ് നിർമ്മാണം, മണ്ണിര കമ്പോസ്റ്റ്, കയർ പിത്ത് കമ്പോസ്റ്റ് മുതലായവ ഉണ്ടാക്കുന്നതിനുള്ള പരിശീലനം നടത്തുക തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിൽ കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുക, പച്ചിലവള കൃഷി പ്രോൽസാഹിപ്പിക്കുക മുതലായവ നടപ്പിലാക്കിയിരുന്നു. 1999-2000 സാമ്പത്തിക വർഷത്തിൽ സംയോജിത വളപ്രയോഗം പദ്ധതിയിൽ ജീവാണുവളം പ്രോൽസാഹിപ്പിക്കുന്നതിനാണ് ഊന്നൽ നൽകിയിരിക്കുന്നത്. കൂടാതെ, മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ ചർച്ചാ ക്ലാസ്സുകളും, കാമ്പയിനുകളും നടത്തി കർഷകരെ ജൈവവളങ്ങളും രാസവളങ്ങളും സന്തുലിതമായി ഉപയോഗിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ സന്തുലിതവും സമഗ്രവുമായ വളപ്രയോഗം നടപ്പിലാക്കുന്നതിനുള്ള അനുമതി ഈ വർഷം (1999-2000) ഇതുവരെ കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly